# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 227 — 19.12.2012 ൽ മറുപടിക്ക്

## സമഗ്ര ആരോഗ്യ നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഒരു സമഗ്ര ആരോഗ്യ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നയത്തിൽ ഉൾപ്പെടുത്തുമോ ;<br><br>(സി) നയം രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (എ) യും (ബി) യും (സി) യും സംസ്ഥാനത്ത് ഒരു സമഗ്ര ആരോഗ്യ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ട്. ആയതിലേയ്ക്കായി 8.10.2012 ലെ സ.ഉ. (സാധാ) നം. 3334/12/ആ.കു.വ. പ്രകാരം ഡോ. ബലരാമൻനായർ (റിട്ടയേർഡ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ) അദ്ധ്യക്ഷനായും ഡോ. രാജ്മോഹൻ, അഡീ. പ്രൊഫസർ, എസ്.എ.റ്റി ആശുപത്രി (ശിശുരോഗ വിദഗ്ദ്ധൻ) കൺവീനറുമായി ഇരുപതംഗ വിദഗ്ദ്ധ സമിതി രൂപീകരിക്കുകയുണ്ടായി. ടി ഉത്തരവിൽ കരട് ആരോഗ്യ നയം 3 മാസത്തിനകം സമർപ്പിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് ലഭ്യമാക്കുക എന്നത് പ്രസ്തുത കമ്മിറ്റിയുടെ പരിഗണനയിലുള്ള വിഷയങ്ങളിൽ ഒന്നാണ്. പ്രസ്തുത സമിതി പ്രാരംഭ ചർച്ചകൾ നടത്തി വരുന്നു. ആയുർവ്വേദം, ഹോമിയോപ്പതി, അലോപ്പതി തുടങ്ങിയ വിവിധ ചികിൽസാരീതികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ആരോഗ്യ നയം രൂപീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിദഗ്ദ്ധരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ശില്പശാല 7.12.2012 ന് നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ